"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - മലപ്പുറം ജില്ലയിലെ വേങ്ങര ഉപജില്ലയിലെ കാരാത്തോട് പി.എം.എസ്.എ.എം. എ.യു.പി. സ്കൂളിൽ 2022-23 വർഷത്തിൽ ജൂനിയർ അറബിക് ഫുൾ ടൈം തസ്തിക-1, ജൂനിയർ സംസ്കൃതം പാർട്ട് ടൈം തസ്തിക -1 എന്നിവ അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(കൈ) നം.190/2025/GEDN തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:-

1. പി.എം.എസ്.എ.എം. എ.യു.പി. സ്കൂൾ മാനേജരുടെ 03.08.2023 തീയതിയിലെ റിവിഷൻ പെറ്റീഷൻ.
2. 01.10.2024 തീയതിയിലെ സ.ഉ.(സാധാ)നം.6737/2024-പൊ.വി.വ. നമ്പർ ഉത്തരവ്.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 13.05.2025 തീയതിയിലെ ഡി.ജി.ഇ/108/2024-ആർ.എ.3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ വേങ്ങര ഉപജില്ലയിലെ കാരാത്തോട് പി.എം.എസ്.എ.എം. എ.യു.പി. സ്കൂളിൽ 2022-23 അധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിവസത്തെ കണക്ക് സമ്പൂർണ്ണയിൽ രേഖപ്പെടുത്തിയപ്പോൾ അറബി, സംസ്കൃതം എന്നീ ഭാഷകൾ പഠിക്കുന്ന കുട്ടികളുടെ എണ്ണം തെറ്റായി രേഖപ്പെടുത്തിയത് കാരണം, നഷ്ടമായ അർഹമായ ഒരു ജൂനിയർ അറബി, ഒരു പാർട്ട് ടൈം സംസ്കൃതം തസ്തികയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (1) പ്രകാരം കാരാത്തോട് പി.എം.എസ്.എ.എം. എ.യു.പി. സ്കൂൾ മാനേജർ ആവശ്യപ്പെട്ടിരുന്നു.

2. മലപ്പുറം ജില്ലയിലെ വേങ്ങര ഉപജില്ലയിലെ കാരാത്തോട് പി.എം.എസ്.എ. എം.യു.പി. സ്കൂളിൽ 2022-23 അധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിവസത്തെ കണക്ക് സമ്പൂർണ്ണയിൽ രേഖപ്പെടുത്തിയപ്പോൾ അറബി, സംസ്കൃതം എന്നീ ഭാഷകൾ പഠിക്കുന്ന കുട്ടികളുടെ എണ്ണം തെറ്റായി രേഖപ്പെടുത്തിയത് കാരണം, നഷ്ടമായ അർഹമായ ഒരു ജൂനിയർ അറബി, ഒരു പാർട്ട് ടൈം സംസ്കൃതം തസ്തികയും അനുവദിക്കണമെന്നാവശ്യപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യം പരിശോധിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട ഓഫീസുകളിൽ നേരിട്ട് പരിശോധന നടത്തി റിപ്പോർട്ട് ഒരാഴ്ചക്കകം സർക്കാരിന് സമർപ്പിക്കുന്നതിന് സർക്കാർ

തലത്തിൽ ഒരു ഉന്നത തല പരിശോധനാ ടീമിനെ രൂപീകരിക്കുകയും, പ്രസ്തുത ടീം, ടി സ്കൂളിലും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസുകളിലും പരിശോധന നടത്തുകയും 2022-23 അദ്ധ്യയന വർഷത്തെ കുട്ടികളുടെ എണ്ണം ശരിയായി സമ്പൂർണ്ണയിൽ രേഖപ്പെടുത്തുന്നതിന് KITE-മായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിനും തുടർന്ന് നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ച് മാനേജരുടെ ആവശ്യം പരിഗണിക്കാവുന്നതാണെന്നും ശുപാർശ ചെയ്തിരുന്നു.

3. ഇൻസ്പെക്ഷൻ ടീമിന്റെ ശിപാർശ അംഗീകരിച്ച്, 2022-23 അധ്യയന വർഷത്തെ അധിക തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് കാരാത്തോട് പി.എം.എസ്.എ. എം.യു.പി. സ്കൂളിന് ചട്ട പ്രകാരം അർഹമായ അറബി, സംസ്കൃതം പാർട്ട് ടൈം തസ്തികകൾ അധികമായി അനുവദിക്കുന്നതിനായി, ഇതൊരു കീഴ്വഴക്കമാക്കരുതെന്ന കർശന നിബന്ധനയോടെ, ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച്, KITE-മായി ബന്ധപ്പെട്ട്, ടി സ്കൂളിൽ 2022-2023 അധ്യയന വർഷത്തിൽ ആറാം പ്രവൃത്തി ദിനത്തിൽ സമ്പൂർണ്ണയിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്ന അറബി, സംസ്കൃതം ഭാഷ പഠിക്കുന്ന കുട്ടികളുടെ എണ്ണം ശരിയായി രേഖപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുവാനും, ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് തുടർ പ്രപ്പോസൽ സർക്കാരിൽ സമർപ്പിക്കുവാനും പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് കാരാത്തോട് PMSAM AUP സ്കൂളിലെ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

4. തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച പരാമർശം (3) പ്രകാരമുള്ള റിപ്പോർട്ട് താഴെപ്പറയും പ്രകാരമാണ്:-

01/10/2024 തീയതിയിലെ GO(Rt)No.6737/2024/GEDN സർക്കാർ ഉത്തരവിൽ മലപ്പുറം ജില്ലയിലെ കാരാത്തോട് പി.എം.എസ്.എ.എം.യു.പി. സ്കൂളിൽ 2022-23 അധ്യയന വർഷത്തിൽ ആറാം പ്രവൃത്തി ദിനത്തിൽ സമ്പൂർണ്ണയിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്ന അറബി, സംസ്കൃതം ഭാഷ പഠിക്കുന്ന കുട്ടികളുടെ എണ്ണം ശരിയായി രേഖപ്പെടുത്തുന്നതിന് കൈറ്റിനു നിർദേശം നൽകുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിച്ച് തുടർ പ്രപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിനും നിർദേശിച്ചിരുന്നു. ആയത് പ്രകാരം കൈറ്റിനു നിർദേശം നൽകിയിരുന്നു.

5. പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദേശിച്ച പ്രകാരം പി.എം.എസ്.എ.എം. എ.യു.പി.എസ്. കാരാത്തോട് സ്കൂളിന്റെ 2022-23 അധ്യയന വർഷത്തിലെ തസ്തിക നിർണ്ണയത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂൾ സന്ദർശിച്ച് ഹാജർ നില സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും,

അധിക തസ്തികയ്ക്ക് ശുപാർശ ചെയ്യുകയുണ്ടായി. രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ സ്കൂളിനു ജൂനിയർ അറബിക് 1 ഫുൾടൈം തസ്തികയും, 1 ജൂനിയർ സംസ്കൃതം പാർട്ട് ടൈം തസ്തികയും അനുവദിക്കുന്നതിന് തിരുരങ്ങാടി ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ട്.

6. 2022-23 അധ്യയന വർഷത്തിലെ അധിക തസ്തിക പ്രൊപ്പോസൽ ചുവടെ സൂചിപ്പിക്കും പ്രകാരമാണ്.

| CLASS | V | VI | VII | TOTAL |
|---|---|---|---|---|
| റോൾ | 252 | 244 | 222 | 718 |
| അർഹമായ ഡിവിഷനുകൾ | 7 | 7 | 7 | 21 |
| അനുവദിച്ചത് | 6 | 7 | 7 | 20 |
| CLASS | V | VI | VII | TOTAL |
| അറബി | 129 | 143 | 127 | 399 |
| ഡിവിഷൻ | 5 | 5 | 4 | 14 |
| ലഭ്യമായ പിരീഡുകൾ | 20 | 20 | 16 | 56 |
| അർഹമായ തസ്തികകൾ | 3 Full Time Posts | | | |
| അനുവദിച്ചത് | 2 Full Time Posts | | | |
| CLASS | V | VI | VII | TOTAL |
| സംസ്കൃതം | 15 | - | - | 15 |
| അർഹമായ തസ്തികകൾ | 1 Part Time Post | | | |
| അനുവദിച്ചത് | NIL | | | |

7.പ്രസ്തുത സാഹചര്യത്തിൽ കാരാത്തോട് പി.എം.എസ്.എ.എം.യു.പി. സ്കൂളിൽ 2022-23 അധ്യയന വർഷത്തിൽ ജൂനിയർ അറബിക് ഫുൾടൈം തസ്തിക-1, ജൂനിയർ സംസ്കൃതം പാർട്ട് ടൈം തസ്തിക-1 എന്നിവ അനുവദിക്കുന്നതിന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരുന്നു.

8.വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, കെ.ഇ.ആർ ചട്ടങ്ങളുടേയും നിലവിലെ സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ വേങ്ങര ഉപജില്ലയിലെ കാരാത്തോട് പി.എം.എസ്.എ.എം. എ.യു.പി. സ്കൂളിൽ 2022-23 അധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിവസത്തെ കണക്ക് സമ്പൂർണ്ണയിൽ രേഖപ്പെടുത്തിയപ്പോൾ അറബി, സംസ്കൃതം എന്നീ ഭാഷകൾ പഠിക്കുന്ന കുട്ടികളുടെ എണ്ണം തെറ്റായി രേഖപ്പെടുത്തിയത് കാരണം, നഷ്ടമായ അർഹമായ ജൂനിയർ

അറബിക് ഫുൾ ടൈം തസ്തിക-1, ജൂനിയർ സംസ്കൃതം പാർട്ട് ടൈം തസ്തിക-1 എന്നീ തസ്തികകൾ മലപ്പുറം ജില്ലയിലെ വേങ്ങര ഉപജില്ലയിലെ കാരാത്തോട് പി.എം.എസ്.എ.എം. എ.യു.പി. സ്കൂളിൽ 2022-23 വർഷത്തിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പകർപ്പ്

1.പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2.വിദ്യാഭ്യാസ ഉപ ഡയറക്ടർ, മലപ്പുറം.
3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, വേങ്ങര, മലപ്പുറം.
3. മാനേജർ, പി.എം.എസ്.എ.എം. എ.യു.പി. സ്കൂള്, കാരാത്തോട്, മലപ്പുറം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) കേരള, തിരുവനന്തപുരം.
6.ധനകാര്യ വകുപ്പ് 03.11.2025ലെ 3171975/എഡ്യൂ.എ3/203/2025 നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം.
7. വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
സെക്ഷൻ ഓഫീസർ
Date: 20-12-2025 10:44:57

കോപ്പി

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. ബഹു.ധനകാര്യ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
3. ബഹു.പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
4. പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്.